പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 809

11-6-2014-ൽ മറുപടിക്ക്

## കിളിമാനൂർ പഴയകുന്നുമ്മൽ മടവൂർ പഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. സത്യൻ. | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കിളിമാനൂർ, പഴയകുന്നുമ്മൽ, മടവൂർ പഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) കിളിമാനൂർ, പഴയകുന്നുമ്മൽ,മടവൂർ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ വിവിധ ഘടകങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച ഇപ്പോഴത്തെ സ്ഥിതി ചുവടെ ചേർക്കുന്നു.<br>1. വാമനപുരം നദിയിൽ കാരേറ്റ് ബ്രിഡ്ജിനടുത്തായി കിണറും പമ്പ് ഹൗസും സ്ഥാപിക്കൽ - 45% പൂർത്തിയായി.<br>2. ഇരട്ടച്ചിറയിൽ 8.77 എം.എൽ.ഡി. ജലശുദ്ധീകരണ ശാലയുടെയും മറ്റ് അനുബന്ധഘടകങ്ങളുടെയും പണി പൂർത്തിയായി.<br>3. വെൽ കം പമ്പ് ഹൗസിൽ നിന്നും ജലശുദ്ധീകരണശാലയിലേക്കുള്ള റോ വാട്ടർ പമ്പിംഗ് മെയിൻ, ജലശുദ്ധീകരണ ശാലയിൽ നിന്നും വിവിധ ടാങ്കുകളിലേക്കുള്ള ക്ലിയർ വാട്ടർ, ഗ്രാവിറ്റി പമ്പിംഗ് മെയിൻ പൈപ്പുകൾ സപ്ലൈ ചെയ്തു സ്ഥാപിക്കൽ തുടങ്ങിയ പദ്ധതിക്കാവശ്യമായ പൈപ്പ് സപ്ലൈ ചെയ്തു. കെ.എസ്.ടി.പി. റോഡ് ഒഴികെയുള്ള ഭാഗങ്ങളിൽ പൈപ്പ് ലൈൻ പണി പുരോഗമിക്കുന്നു. പണി പൂർത്തിയാക്കുവാൻ കെ.എസ്.ടി.പി. റോഡ് കട്ടിംഗ് അനുമതി ലഭിക്കേണ്ടതായിട്ടുണ്ട്. |

4. കൈലാസം കുന്നിൽ 14.64 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള GLSR ന്റെ നിർമ്മാണം 90% പൂർത്തിയായി.
5. കടൽകാണിക്കുന്നിൽ 4.37 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള GLSR ന്റെ നിർമ്മാണം ആരംഭിച്ചു.
6. പദ്ധതിയുടെ സോൺ 2 നും സോൺ 3 നും വേണ്ടിയുള്ള ജലവിതരണ ശൃംഖലാ പൈപ്പുകൾ സ്ഥാപിക്കൽ പണി പൂർത്തിയായി.
7. തട്ടത്തുമല സംപ്പും, പമ്പ് ഹൗസും നിർമ്മാണം പൂർത്തിയായി.
8. പദ്ധതിയുടെ സോൺ (1) നു വേണ്ട ജലവിതരണ ശൃംഖല പൈപ്പ്ലൈനുകൾ സപ്ലൈ ചെയ്ത് സ്ഥാപിക്കൽ - പണി പുരോഗമിക്കുന്നു. കെ.എസ്.ടി.പി. റോഡ് ഒഴികെയുള്ള ഭാഗങ്ങളിൽ പണി പൂർത്തിയായി.
9. റോ വാട്ടർ, ക്ലിയർ വാട്ടർ പമ്പുസെറ്റുകൾ, ട്രാൻസ്ഫോർമർ, സബ് സ്റ്റേഷൻ തുടങ്ങിയവ സ്ഥാപിക്കൽ- പണിയുടെ വിശദമായ എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.
10. കാരേറ്റ് ബ്രിഡ്ജിനടുത്തായി വാമനപുരം നദിയിൽ തടയണയുടെ നിർമ്മാണം - പദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത കുടിവെള്ള പദ്ധതിയുടെ ഭാഗമായി കാരേറ്റ് മുതൽ തട്ടത്തുമലവരെ എം.സി. റോഡിൽ പൈപ്പിടുന്നതിനുവേണ്ട നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കുടിവെള്ള പദ്ധതിയുടെ ഭാഗമായി എം.സി. റോഡിൽ കാരേറ്റ് മുതൽ തട്ടത്തുമലവരെ വരെയുള്ള ഭാഗത്തെ 9.80 കി.മീ. റോഡ് കട്ടിംഗ് അനുമതിക്കായി കെ.എസ്.ടി.പി. യുടെ എസ്റ്റിമേറ്റ് പ്രകാരം 5.17 കോടി രൂപ 12.5.2014 -ൽ കെ.എസ്.ടി.പി. യിൽ അടച്ചുകഴിഞ്ഞു. എന്നാൽ ഇതുവരെ റോഡ് കട്ടിംഗ് അനുമതി ലഭിച്ചിട്ടില്ല. റോഡ് കട്ടിംഗ് അനുമതി ലഭിക്കുന്ന മുറയ്ക്ക് പൈപ്പ് ലൈൻ പണി ആരംഭിക്കുന്നതാണ്.

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതിക്കായി എന്തു തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും ഇതുവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (സി) | പ്രസ്തുത പദ്ധതിക്കായി സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 31 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 31.5.2014 വരെ 15.81 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത് പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യുവാനാണ് തീരുമാനിച്ചിട്ടുള്ളത്? | (ഡി) | കെ.എസ്.ടി.പി. റോഡ് കട്ടിംഗ് അനുമതിയും, ഇലക്ട്രിക്ക് കണക്ഷനും യഥാസമയം ലഭ്യമായാൽ 2015 ജൂൺ മാസത്തോടെ പദ്ധതി കമ്മീഷൻ ചെയ്യുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ